**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1139** **18-09-2025 - ൽ മറുപടിയ്ക്ക്**

**അനധികൃത കുഴൽക്കിണറുകൾക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ജലവിഭവ വകുപ്പ് അനുമതി നൽകുന്നുണ്ടോ; ഇതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | സ്വകാര്യ വ്യക്തികൾക്ക് കുഴൽക്കിണർ നിർമ്മാണത്തിന്റെ ആദ്യ ഘട്ടമായ ഭൂജലപര്യവേഷണത്തിന് വേണ്ടി ഭൂജലവകുപ്പിന്റെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറത്തിനോടൊപ്പം ഭൂമിയുടെ കരം തീർത്ത രസീതിന്റെ പകർപ്പും അപേക്ഷകൻ / അപേക്ഷകയുടെ ഐഡന്റിറ്റിക്ക് തെളിവായി ആധാർ കാർഡിന്റെ പകർപ്പും സമർപ്പിക്കേണ്ടതാണ്.<br><br>ഭൂജലപര്യവേഷണത്തിൽ സ്ഥലം ശാസ്ത്രീയവും സാങ്കേതികവും നിലവിലെ ഭൂജല അതോറിറ്റി നിയമങ്ങൾക്ക് വിധേയവുമായി അനുയോജ്യമാണെന്ന് കാണുന്ന പക്ഷം കുഴൽക്കിണർ നിർമ്മാണത്തിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ടി സർട്ടിഫിക്കറ്റിനെ അടിസ്ഥാനപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ (പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ) നിന്നും അപേക്ഷകൻ / അപേക്ഷക കുഴൽക്കിണർ നിർമ്മാണത്തിനായി പെർമിറ്റ് വാങ്ങിയ ശേഷം നിർമ്മാണം നടത്താവുന്നതാണ്. |
| (ബി) | 2024-25 വർഷത്തിൽ അനധികൃത കുഴൽക്കിണറുകൾക്കെതിരെ എത്ര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ബി) | 2024-25 വർഷത്തിൽ 111 അനധികൃത കുഴൽക്കിണറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | 2024-25 വർഷത്തിൽ അനധികൃത കുഴൽക്കിണറുകൾക്കെതിരെ സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | തിരുവനന്തപുരം | ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റിയോ പഞ്ചായത്തിന്റെ പെർമിറ്റോ ഇല്ലാതെ നടത്തിയ കുഴൽക്കിണർ നിർമ്മാണത്തിനും ടി കിണറുകളിൽ മോട്ടോർ ഘടിപ്പിച്ച് പമ്പിംഗ് നടത്തിയതിനുമായി **നാല്** കുഴൽക്കിണറിനെതിരെ നടപടി സ്വീകരിച്ച് **18,000/- രൂപ** (പതിനെട്ടായിരം രൂപ മാത്രം) പിഴ ഈടാക്കിയിട്ടുണ്ട്. |
| 2 | കൊല്ലം | അനധികൃതമായി നിർമ്മാണം നടത്തിയ **ഒരു** കുഴൽക്കിണറിനെതിരെ നടപടി സ്വീകരിച്ച് **2,000/- രൂപ** (രണ്ടായിരം രൂപ മാത്രം) പിഴ ഈടാക്കിയിട്ടുണ്ട്. |
| 3 | ആലപ്പുഴ | അനധികൃതമായി നിർമ്മാണം നടത്തിയ **ഒരു** കുഴൽക്കിണർ മൂടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 4 | പാലക്കാട് | അനധികൃതമായി നിർമ്മാണം നടത്തിയ **തൊണ്ണൂറ്റി ഏഴ്** കുഴൽക്കിണറുകൾക്കെതിരെ നടപടി സ്വീകരിച്ച് **2,42,500/- രൂപ** (രണ്ട് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ഈടാക്കിയിട്ടുണ്ട്. |
| 5 | കാസർഗോഡ് | അനധികൃതമായി നിർമ്മാണം നടത്തിയ **എട്ട്** കുഴൽക്കിണറുകൾക്കെതിരെ നടപടി സ്വീകരിച്ച് **20,000/- രൂപ** (ഇരുപതിനായിരം രൂപ മാത്രം) പിഴ ഈടാക്കിയിട്ടുണ്ട്. |

Juleky

**സെക്ഷൻ ഓഫീസർ**